## മീനാട് ശുദ്ധജല പദ്ധതി

202 (2757) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന മീനാട് ശുദ്ധജല പദ്ധതി പൂർത്തീകരിക്കുന്നതിന് ഇനി എന്തൊക്കെ പ്രവൃത്തികളാണ് അവശേഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കുടിവെള്ള പദ്ധതിയുടെ ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കൽ ഇനി എത്രത്തോളം ദൂരം അവശേഷിക്കുന്നുണ്ട് ;

(സി) ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് പൂർത്തീകരിക്കുവാനുള്ള കരാർ നൽകിയെങ്കിൽ ആരാണ് ഏറ്റെടുത്തതെന്ന് അറിയിക്കുമോ ; എന്നത്തേക്ക് പണി പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) മീനാട് ശുദ്ധജല പദ്ധതിയിൽ നിന്നും കുടിവെള്ളം ആവശ്യപ്പെട്ട് ഏതൊക്കെ ഗ്രാമപഞ്ചായത്ത്/ നഗരസഭകളിൽ നിന്നും എത്ര പേരാണ് അപേക്ഷ നൽകിയിരുന്നതെന്ന് വ്യക്തമാക്കുമോ ; ഇതിൽ എത്രപേർക്ക് ശുദ്ധജലം ലഭ്യമായിട്ടുണ്ട് ;

(ഇ) അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് എന്നത്തേക്ക് പൂർണ്ണമായും ശുദ്ധജലം നൽകാൻ കഴിയുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) മീനാട് ശുദ്ധജല പദ്ധതിയുടെ വിതരണ ശൃംഖല സ്ഥാപിക്കുന്നതും ഗാർഹിക കണക്ഷൻ നൽകുന്നതുമായ പ്രവർത്തനങ്ങൾ മാത്രമാണ് ഇനി പൂർത്തീകരിക്കുവാനുള്ളത്.

(ബി) പ്രസ്തുത കുടിവെള്ള പദ്ധതിയുടെ 176 കി.മീ. ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന ജോലിയാണ് ഇനി അവശേഷിക്കുന്നത്.

(സി) ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് പൂർത്തീകരിക്കുവാനുള്ള കരാർ ടെക്പ്രോ ഇൽഫാ പ്രോജക്ട് ലിമിറ്റഡ് എന്ന കമ്പനിയാണ് ഏറ്റെടുത്തത്. 2016 ജൂണിൽ പണി പൂർത്തീകരിക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മീനാട് ശുദ്ധജല പദ്ധതിയിൽനിന്നും കുടിവെള്ളം ആവശ്യപ്പെട്ട് ഇതുവരെ 9413 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. അപേക്ഷ നൽകിയിട്ടുള്ള ഗ്രാമപഞ്ചായത്ത്/നഗരസഭകൾ ഏതൊക്കെയാണെന്നും ഇതുവരെ നൽകിയിട്ടുള്ള കണക്ഷനുകളുടെ വിവരവും ചുവടെ ചേർക്കുന്നു. ഇതിൽ എത്രപേർക്ക് ശുദ്ധജലം ലഭ്യമായിട്ടുണ്ട് എന്നത് സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

| പഞ്ചായത്ത്/ നഗരസഭ | അപേക്ഷ സ്വീകരിച്ചത് | കണക്ഷൻ നൽകിയത് |
|---|---|---|
| കരവാളൂർ | 306 | 236 |
| അഞ്ചൽ | 150 | -- |
| ഇടമുളയ്ക്കൽ | 943 | 336 |
| ഉമ്മന്നൂർ/വാളകം | 379 | -- |
| എളമാട് | 646 | -- |
| വെളിയം/ ഓടനാവട്ടം | 683 | -- |
| പൂയപ്പള്ളി | 405 | 339 |
| നെടുമ്പന/പള്ളിമൽ | 1345 | 6 |
| മീനാട്, ചിറക്കര, പരവൂർ | 2409 | 2192 |
| പൂതക്കുളം | 565 | -- |
| മയ്യനാട്, ആദിച്ചനെല്ലൂർ | 195 | -- |
| മയ്യനാട് II | 521 | 10 |
| പരവൂർ നഗരസഭ | 866 | -- |
| ആകെ | 9413 | 3119 |

LIBRARY ARCHIVES Kerala Legislative Assembly

(ഇ) നിലവിലുള്ള സാഹചര്യത്തിൽ മേൽ കരാറുകാരനെക്കൊണ്ട് ടി പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയാത്തതിനാൽ പുനർ ദർഘാസ് വിളിക്കുകയും മറ്റൊരു കരാറുകാരൻ മുഖാന്തിരം ടി പ്രവൃത്തി തുടർന്ന് നടത്തേണ്ടിയും വന്നേക്കാം. അങ്ങനെയാണെങ്കിൽ ടി പ്രവൃത്തി പൂർത്തീകരിക്കുവാൻ ഇനിയും ഒന്നര വർഷം കൂടിയെങ്കിലും വേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നു.

**തൃശ്ശൂർ മണ്ഡലത്തിലെ സമഗ്ര കുടിവെള്ള പദ്ധതി**

**203 (2758)** ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ മണ്ഡലത്തിലെ തൃശ്ശൂർ 1.2 വില്ലേജുകളിലെ സമഗ്ര കുടിവെള്ള പദ്ധതി എസ്.എൽ.എസ്.എസ്.സി. അംഗീകരിച്ചിട്ടുണ്ടോ ; എത്ര രൂപയുടേതാണ് എസ്റ്റിമേറ്റ് ; പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ കാവശ്ശേരി പഞ്ചായത്തിനെ കൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(സി) കിഴക്കഞ്ചേരി, വടക്കഞ്ചേരി, വണ്ടാഴി സമഗ്ര കുടിവെള്ള പദ്ധതി, എസ്.എൽ.എസ്.എസ്.സി. അംഗീകരിച്ചിട്ടുണ്ടോ ; എത്ര രൂപയുടേതാണ് എസ്റ്റിമേറ്റ് ; പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയിൽ കണ്ണമ്പ്ര പഞ്ചായത്തിനെ കൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ഇ) പ്രസ്തുത പദ്ധതിക്ക് മംഗലം ഡാം സ്രോതസ്സായി ഉപയോഗിക്കുന്നതിൽ ഇറിഗേഷൻ വകുപ്പ് എന്തെങ്കിലും തടസ്സങ്ങൾ ഉന്നയിച്ചിട്ടുണ്ടോ ; ഇക്കാര്യത്തിൽ 26-6-2014-ലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർ നടപടികളാണ് ഉണ്ടായിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) എസ്.എൽ.എസ്.എസ്.സി. അംഗീകരിച്ചിട്ടില്ല.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly